# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1034** — **11/7/2011** -ൽ മറുപടിക്ക്

## ശ്രീ. ഇ.ജെ.വർഗീസിനുള്ള ചികിത്സാസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി, കരയിൽ ഇടശേരി വീട്ടിൽ ശ്രീ. ഇ.ജെ.വർഗീസ് തെങ്ങിൽ നിന്നും വീണ് കിടപ്പിലായതിനാൽ തൊഴിൽ വകുപ്പിൽ നിന്നും ചികിത്സാ സഹായമായി അനുവദിച്ച തുക ടിയാൾക്ക് ലഭ്യമാകാത്തതിന്റെ കാരണം വിശദീകരിക്കാമോ; | (എ) അങ്കമാലി, കരയിൽ ഇടശേരി വീട്ടിൽ ശ്രീ. ഇ.ജെ.വർഗീസിന് കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 25,000/- രൂപയുടെ (ഇരുപത്തി അയ്യായിരം രൂപാ മാത്രം) ധനസഹായം അനുവദിച്ചുകൊണ്ട് എറണാകുളം ജില്ലാ ലേബർ ഓഫീസർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ വിവിധ ജില്ലാ ലേബർ ഓഫീസർമാർക്ക് ജനുവരി 2010 വരെ പാസാക്കിയ അപേക്ഷകൾക്കുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായത്തിന് 2230-01-103-94 എന്ന ശീർഷകത്തിൽ 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഈ തുക എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) താമസംവിനാ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ